**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4160</u>** **<u>18-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികൾ</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി 67 കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയായ കാക്കനാട് – തങ്കളം റോഡ് 27.30 കിലോമീറ്റർ ദൂരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഏകദേശം 7.30 കിലോമീറ്റർ റോഡിന്റെ വിശദപഠന റിപ്പോർട്ട് (DPR), പദ്ധതി നിർവഹണ ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ, ഇത് ഒരു ബൃഹത് പദ്ധതി ആയതിനാൽ, മുഴുവൻ റോഡിന്റെയും വിശദ പഠന റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) കിഫ്ബി കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. നിലവിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഏജൻസി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള 255 കോടി രൂപയുടെ ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ 7.30 കിലോമീറ്റർ ദൂരം മാത്രം ഉൾപ്പെടുത്തി തയ്യാറാക്കിയ 255 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി പി ആർ പദ്ധതിയുടെ മുഴുവൻ ദൂരം ഉൾപ്പെടുത്തി പുതുക്കി സമർപ്പിക്കുന്നതിന് നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത ഡി.പി.ആർ-ലുള്ള സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി 28.09.2021 ന് കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് വേഗത്തിൽ കൈമാറുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ഡി) | സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി 28.09.2021 ന് കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. |
| (ഇ) | സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പ്രസ്തുത ഡി പി ആർ പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്തു വകുപ്പിന് കീഴിലുള്ള പ്രൊജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റ് കൈക്കൊണ്ടു വരികയാണെന്ന് കേരള റോഡ് ഫണ്ട് ബോർഡ് |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുണ്ട്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് അവലോകനം പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ